**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3349** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഭവനനിർമ്മാണ ബോർഡിലെ ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ സ്ഥിരപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭവനനിർമ്മാണ ബോർഡിൽ കരാർ വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്ന ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ വിവരം ഓഫിസ് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ഡിവിഷനിൽ 2 പേരും എറണാകുളം ഡിവിഷനിൽ ഒരാളും ലിഫ്റ്റ് ഓപ്പറേറ്റർമാരായി കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. |
| (ബി) | ഇവർ എത്രവർഷമായി ജോലിയിൽ തുടരുന്നു എന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ഡിവിഷനിൽ ഒരാൾ 13 വർഷമായും മറ്റൊരാൾ 7 വർഷമായും, എറണാകുളം ഡിവിഷനിൽ ഒരാൾ 15 വർഷമായും ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ നിയമാനുസൃത ഇടവേളകളോടെ കരാർ വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്നുണ്ട്. |
| (സി) | ഇവർക്ക് ലഭിക്കുന്ന വേതനം തുച്ഛമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ 31/10/2019 ലെ ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരം ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാരുടെ പ്രതിഫലം 13,125/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ഭവനനിർമ്മാണ ബോർഡിന് കീഴിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ ക്വട്ടേഷൻ സ്വീകരിച്ച് മിനിമം തുക ക്വാട്ട് ചെയ്യുന്നവരെയാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചു വരുന്നത്. പ്രസ്തുത തസ്തികയിൽ ജോലി ചെയ്തു വരുന്ന 3 പേരും ഏറ്റവും കുറഞ്ഞ തുകയായ 13,125/- രൂപ ക്വാട്ട് ചെയ്തവരാണ്. |
| (ഡി) | മറ്റ് ജോലിക്ക് അപേക്ഷിക്കാൻ പ്രായപരിധി കഴിഞ്ഞ ലിഫ്റ്റ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന പ്രായപരിധി കഴിഞ്ഞ ലിഫ്റ്റ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ലാത്തതാണ്. കൂടാതെ, ഉമാദേവി Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക എന്ന കേസിൽ ബഹു: സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ |

| | | | |
|---|---|---|---|
| | | | കരാർ - താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാനും നിർവ്വാഹമില്ല. |
| (ഇ) | ജോലിയിൽ പത്ത് വർഷം തികയുകയും നാൽപത് വയസ് പൂർത്തിയായവരെയും സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | സംസ്ഥാന ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്ന പ്രായപരിധി കഴിഞ്ഞ ലിഫ്റ്റ് ഓപ്പറേറ്റർമാരെ സ്ഥിരപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ലാത്തതാണ്. കൂടാതെ, ഉമാദേവി Vs സ്റ്റേറ്റ് ഓഫ് കർണ്ണാടക എന്ന കേസിൽ ബഹു: സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ കരാർ - താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാനും നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ